"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഉപജില്ലയിൽപ്പെട്ട എരമംഗലം എ.യു.പി.സ്കൂൾ മാനേജർ ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 11915/2020 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 09.07.2021-ലെ വിധിന്യായം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എൽ)വകുപ്പ്**

സ.ഉ.(സാധാ) നം.4169/2022/GEDN തീയതി,തിരുവനന്തപുരം, 16-07-2022

---

പരാമർശം:-

1. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഉപജില്ലയിൽപ്പെട്ട എരമംഗലം എ.യു.പി സ്കൂൾ മാനേജർ ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 11915/2020 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 09.07.2021-ലെ വിധിന്യായം
2. എരമംഗലം എ.യു.പി സ്കൂൾ മാനേജറുടെ 30/07/2021ലെ റിവിഷൻ പെറ്റിഷൻ
3. ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20/09/2021ലെ സി/1747/2020 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഉപജില്ലയിൽപ്പെട്ട എരമംഗലം എ.യു.പി.സ്കൂൾ മാനേജർ ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 11915/2020 നമ്പർ റിട്ട് ഹർജിയിന്മേൽ പുറപ്പെടുവിച്ച പരാമർശം 1 വിധിന്യായ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.12.2019-ലെ ജി.(3)/29030/2019/ഡി.ജി.ഇ/കെ.ഡി.സ് ഉത്തരവ്, ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21.05.2020-ലെ നോട്ടീസ് എന്നിവക്കെതിരെ കെ.ഇ.ആർ. അധ്യായം XIV എ റൂൾ 92 പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി റിവിഷൻ പെറ്റീഷനുകൾ സർക്കാരിൽ സമർപ്പിക്കുവാൻ ഹർജിക്കാരനു കോടതി അനുമതി നൽകുകയും തുടർന്ന് ഇപ്രകാരമുള്ള റിവിഷൻ ലഭിക്കുന്ന മുറയ്ക്ക് ഹർജിക്കാരനേയും മറ്റ്

ബന്ധപ്പെട്ടവരേയും കേട്ട് ടി റിവിഷൻ തീർപ്പാക്കാൻ കോടതി സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ മേൽ റിവിഷൻ പരിഗണിക്കുന്ന സമയത്ത് കോടതിയുടെ WP(C)no.29862/2018ലെ 05.03.2019, WP(C) No.21129/2019 ലെ 05.08.2019 എന്നീ വിധിന്യായങ്ങൾ കൂടി കണക്കിലെടുക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ടി നിർദ്ദേശാനുസരണം ഹർജിക്കാരൻ പരാമർശം 2 റിവിഷൻ പെറ്റിഷൻ സർക്കാരിൽ സമർപ്പിക്കുകയും തുടർന്ന് ഹർജിക്കാരൻ, മറ്റ് ബന്ധപ്പെട്ടവർ എന്നിവരെ കോവിഡ് 19 മായി ബന്ധപ്പെട്ട സവിശേഷ സാഹചര്യം നിലനിൽക്കുന്ന സാഹചര്യത്തിൽ ഗൂഗിൾ മീറ്റ് സംവിധാനം മുഖേന സർക്കാർ 04/10/2021-ൽ കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരൻ സമർപ്പിച്ച റിവിഷൻ പെറ്റീഷനിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു.**

2017-18 വർഷത്തിൽ എരമംഗലം എയിഡഡ് യു.പി. സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി.കെ.ഉഷാദേവിയെ പ്രധാനാധ്യാപികയായി പ്രമോട്ടു ചെയ്ത ഒഴിവിലാണ് ശ്രീമതി.കെ.രസ്നയെ 01/06/2017 മുതൽ ഒരു റഗുലർ യു.പി.എസ്.എ. ആയി നിയമിച്ചിട്ടുള്ളത്. സംസ്ഥാനത്തെ സ്കൂളുകളിലെ റിട്ടയർമെൻറ്, രാജി, പ്രമോഷൻ, മരണം എന്നിവ മൂലമുണ്ടാകുന്ന റഗുലർ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ഇതുവരെ യാതൊരു നിയന്ത്രണവും സർക്കാർ ഏർപ്പെടുത്തിയിട്ടില്ല. പക്ഷേ, അധ്യാപികക്ക് പ്രസ്തുത സമയത്ത് കെ-ടെറ്റ് യോഗ്യത ഉണ്ടായിരുന്നില്ല എന്ന കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമനം ആദ്യം നിരസിച്ചു എങ്കിലും അപ്പലറ്റ് അധികാരിയായ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ആഫീസർ അപ്പീൽ അനുവദിച്ച് നിയമനം അംഗീകരിക്കുന്നതിനായി ഉത്തരവിട്ടു. കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം XIV-A റൂൾ 8(5) പ്രകാരം നിയമനം സംബന്ധിച്ച അപ്പലറ്റ് ഉത്തരവ് ഫൈനൽ ആണ്. അപ്പലറ്റ് ഉത്തരവ് ലഭിച്ചതിനെ തുടർന്ന് ബാലുശ്ശേരി ഉപജില്ലാവിദ്യാഭ്യാസ ആഫീസർ 15:05.2018-ലെ സി.360/2018/കെ.ഡിസ്. ഉത്തരവു പ്രകാരം ശ്രീമതി.കെ.രസ്നയുടെ നിയമനം 01/06/2017 മുതൽ അംഗീകരിക്കുകയും ചെയ്തു. പക്ഷേ പിന്നീട് ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിലവിലുള്ള നിയമപ്രകാരം താഴെ പറയുന്ന നിലനിൽക്കാത്തതൊരു അഭിപ്രായത്തിൽ എത്തുകയും അധ്യാപികക്ക് നൽകിയ നിയമനാംഗീകാരം റദ്ദ് ചെയ്യുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ക്കെഴുതുകയും ചെയ്തു.

"ശ്രീമതി.കെ.രസ്നയുടെ നിയമനത്തിന് മുൻപ് 2016-17 വർഷത്തെ തസ്തിക നിർണയ സമയത്ത് തസ്തിക നഷ്ടപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തന്നെ സ്കൂളിലെ എച്ച്.ടി.വി.

ഒഴിവിൽ നിലനിർത്തി തുടർന്നു വന്നിരുന്ന വളരെ സീനിയർ അധ്യാപികയായ ശ്രീമതി.മഞ്ജുള ഗോവിന്ദിനെ തസ്തിക നിർണയ ഉത്തരവുപ്രകാരം പുന:സ്ഥാപിക്കപ്പെട്ട പുതിയ തസ്തികയിലേക്ക് ഷിഫ്റ്റ് ചെയ്തിരുന്നു. പ്രസ്തുത ആധ്യാപികയെ 2016-17 വർഷത്തെ പുതിയ തസ്തികയിൽ നിന്നും കെ.രസ്നയെ നിയമിച്ച ശ്രീമതി.കെ.ഉഷാദേവിയുടെ പ്രമോഷൻ ഒഴിവിലേക്ക് ഷിഫ്റ്റ് ചെയ്യേണ്ടതുണ്ട്. ആയതിനാൽ ശ്രീമതി.കെ.രസ്നയുടെ നിയമനാംഗീകാരം ക്രമപ്രകാരമല്ല."

ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എത്തിച്ചേർന്ന പ്രസ്തുത നിഗമനത്തിൻറെ ഫലമായി അദ്ദേഹം 29/08/2018 ലെ സി/1579/2018 നമ്പർ എഴുത്തു പ്രകാരം ശ്രീമതി.കെ.രസ്നയുടെ നിയമനാംഗീകാരം പിൻവലിക്കാനായി പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടു. അതനുസരിച്ചാണ് കേസിന്റെ യഥാർത്ഥ വസ്തുതകൾ രേഖാമൂലം ഹാജരാക്കിയിട്ടും നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ അവ വിശകലനം ചെയ്ത് പരിശോധിക്കാതെ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി.കെ.രസ്നയുടെ നിയമനാംഗീകാരം എ.ഇ.ഒ. ആവശ്യപ്പെട്ടതു പോലെ റദ്ദ ചെയ്ത് നീതി നിഷേധിച്ചിട്ടുള്ളത്. മാത്രമല്ല, ശ്രീമതി.കെ.രസ്നയുടെ നിയമന സമയത്ത് ഡിക്ലറേഷൻ സമർപ്പിച്ചുവെന്നും ആയതിനാൽ മാനേജറായ എന്നെ അയോഗ്യനാക്കണമെന്നും KER അദ്ധ്യായം III റൂൾ പ്രകാരം പ്രതികാര ബുദ്ധിയാലെന്നപോലെ ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് എഴുതുകയും, ശ്രീമതി.കെ.രസ്നക്ക് ഹൈക്കോടതി നിർദ്ദേശപ്രകാരം നൽകിയ ശമ്പളം മാനേജരിൽ നിന്നും വസൂലാക്കാനുള്ള നടപടിയുമായി മുന്നോട്ട് പോവുകയും ചെയ്തു. ഈ ഘട്ടത്തിലാണ് മാനേജരായ താൻ ഗത്യന്തരമില്ലാതെ ബഹു. കോടതി മുപാകെ റിട്ട് ഹർജി സമർപ്പിച്ച് എ.ഇ.ഒ.യുടേയും ഡയറക്ടറുടേയും തെറ്റായ നടപടികൾ ചോദ്യം ചെയ്യാനായി നിർബന്ധിതനായി ട്ടുള്ളതെന്ന വസ്തുത  ബോധിപ്പിക്കുന്നു.

ആർക്കും നിഷേധിക്കാനാവാത്ത താഴെ പറയുന്ന യഥാർത്ഥ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ റിവിഷൻ ഹരജി തികച്ചും അർഹതയുള്ളതാണെന്നും ആയത് നിയമപ്രകാരം അനുവദിക്കാവുന്ന താണെന്നും സർക്കാർ  മുമ്പാകെ ചൂണ്ടിക്കാട്ടുന്നു.

i) എരമംഗലം എയിഡഡ് യു.പി.സ്കൂളിലെ ഒരു യു.പി.എസ്.ടി. തസ്തിക 2014-15 വർഷത്തെ തസ്തിക നിർണയത്തിൽ കുറവുവന്നു. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ പ്രസ്തുത തസ്തിക നിർണയ ഉത്തരവു പ്രകാരം തന്നെ 2009 മുതൽ സേവനമാരംഭിച്ച നിയമപ്രകാരം സംരക്ഷണത്തിന് അർഹതയുള്ള ജൂനിയർ അദ്ധ്യാപികയായ ശ്രീമതി.മഞ്ജുള ഗോവിന്ദിനെ സ്കൂളിൽ ലഭ്യമായിരുന്ന HTV തസ്തികയിൽ നിലനിർത്തി ഉത്തരവു പുറപ്പെടുവിക്കുകയാണ് ഉണ്ടായത്. ഇതോടെ ശ്രീമതി.മഞ്ജുള ഗോവിന്ദ് പുറത്തുപോകാതെ HTV തസ്തികയിൽ സർവീസിന് യാതൊരു ഭംഗവുമില്ലാതെ

പൂർണശമ്പളത്തോടെ ജോലിചെയ്തു വന്നു.

ii) മുകളിൽ പറഞ്ഞ വസ്തുത അനുസരിച്ച് 2014-15 വർഷം തസ്തിക നഷ്ടപ്പെട്ട ജൂനിയർ അദ്ധ്യാപികയായ ശ്രീമതി.മഞ്ജുള ഗോവിന്ദ് 2014-15 വർഷം ഒരു റിട്രഞ്ച്ഡ് അധ്യാപികയായി മാറുകയോ സംരക്ഷിതാധ്യാപികയായി മാറുകയോ ഉണ്ടായിട്ടില്ല. അവർ മുൻവർഷത്തപോലെ സാധാരണ രീതിയിൽ തന്നെ യു.പി.എസ്.ടി. ആയി തുടർന്നു വന്നു. 2015-16 വർഷവും എരമംഗലം എയിഡഡ് യു.പി.സ്കൂളിൽ അതേ അവസ്ഥ തന്നെയാണ് തുടർന്നുവന്നത്. ഇക്കാര്യം എ.ഇ.ഒ. പ്രസ്തുത വർഷത്തെ തസ്തിക നിർണയ ഉത്തരവിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുമുണ്ട്.

iii) 2016-17 വർഷം സ്കൂളിൽ മുൻപ് നഷ്ടപ്പെട്ട ഡിവിഷനും തസ്തികയും പുന:സ്ഥാപിക്കപ്പെട്ടു. ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തസ്തിക നിർണയ സമയത്ത് HTV തസ്തികയിൽ തുടർന്നു വന്നിരുന്ന ശ്രീമതി.മഞ്ജുള ഗോവിന്ദിനെ പുതുതായി ലഭ്യമായ ഒഴിവിലേക്ക് ഷിഫ്റ്റ് ചെയ്തുകൊണ്ട് പ്രസ്തുത ർഷത്തെ തസ്തിക നിർണയ ഉത്തരവിൽ (D.Dis/C/4609/2017 dated വ 11/12/2017) തന്നെ വ്യക്തമായി രേഖപ്പെടുത്തി ഉത്തരവിടുകയും ചെയ്തു. ഇതോടെ 15/07/2016 മുതൽ HTV തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്.

iv) 2016-17 വർഷം എരമംഗലം എയിഡഡ് യു.പി.സ്കൂളിൻറെ തസ്തിക നിർണയം നടത്തിയ ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവ് നം. D.Dis/C/4609/2017 dated 11/12/2017 കെ.ഇ.ആർ. അധ്യായം.XXIII യിലെ റൂൾ-12 പ്രകാരം വർഷങ്ങൾക്ക് മുമ്പുതന്നെ അന്തിമമായി കഴിഞ്ഞതാണ്. റൂൾ 12(C) പ്രകാരം പ്രസ്തുത തസ്തികനിർണയം പരിശോധിച്ച് അധികാരികളൊന്നും ആയതിലൊരു മാറ്റവും വരുത്തിയിട്ടില്ല. ആയതിനാൽ തസ്തിക നിർണയ ഉത്തരവ് അന്തിമമായി തീർന്നിട്ടുണ്ട്. അതിലിനി യാതൊരു മാറ്റവും നിയമപ്രകാരം അനുവദനീയമല്ല.

v)കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി എരമംഗലം യു.പി.സ്കൂളിലെ മാനേജരായ താനോ തന്റെ മുൻഗാമികളോ അഡീഷനൽ തസ്തികയിൽ ഒരു പുതിയ നിയമനവും നടത്തിയിട്ടില്ല എന്ന വസ്തുത വിനയപൂർവം ബോധിപ്പിക്കുന്നു. നിയമനം സംബന്ധിച്ച ഒരു വ്യവസ്ഥയും ലംഘിച്ചിട്ടുമില്ല.

vi) 2017-18 വർഷം സ്കൂളിലെ യു.പിഎസ്.ടി. ആയ ശ്രീമതി.കെ.ഉഷാദേവിയെ പ്രമോട്ടു ചെയ്തു ഒഴിവിലാണ് ശ്രീമതി.കെ.രസ്നയെ (01/06/2017 മുതൽ ഒരു റഗുലർ യു.പി.എസ്.എ. ആയി നിയമിക്കുന്നത്. പ്രസ്തുത ഒഴിവിൽ നിയമിക്കപ്പെടാൻ നിലവിലുള്ള നിയമപ്രകാരം മുൻഗണനാവകാശമുള്ള മാറ്റാരും തന്നെ ഉണ്ടായിരുന്നില്ല. സംസ്ഥാനത്തെ സ്കൂളുകളിലെ റിട്ടയർമെന്റ്, രാജി, പ്രമോഷൻ, മരണം എന്നിവ മൂലമുണ്ടാകുന്ന റഗുലർ ഒഴിവുകളിൽ നിയമനം നടത്തുന്നതിന്

യാതൊരു നിയന്ത്രണവും സർക്കാർ ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ റഗുലർ പ്രമോഷൻ ഒഴിവിലുള്ള ശ്രീമതി.കെ.രസ്നയുടെ നിയമനാംഗീകാരം ഏതു സാഹചര്യത്തിലും നിലനിൽക്കുന്നതാണ്.

vii) പ്രസ്തുത ഒഴിവിൽ നിയമിക്കപ്പെടാൻ ഞാൻ ഡിക്ലറേഷൻ നൽകിയതുപോലെ കെ.ഇ.ആർ. അധ്യായംXXIV-Aയിലെ റൂൾ-43, 51A, 51-B, എന്നീ നിലവിലുള്ള നിയമങ്ങൾ പ്രകാരം നിയമനത്തിന് മുൻഗണനാവകാശമുള്ള ഒരു വ്യക്തിയും ഉണ്ടായിരുന്നില്ല. പിന്നീടും ഇല്ല. മാനേജർ എന്ന നിലയിൽ ഞാൻ നൽകിയ ഡിക്ലറേഷൻ തികച്ചും ശരിയാണ്. മാനേജർ തെറ്റായ ഡിക്ലറേഷൻ നൽകിയെന്ന എ.ഇ.ഒയുടെ വാദം അടിസ്ഥാനരഹിതവും സമൂഹത്തിൽ മാന്യമായി ജീവിക്കുന്ന മാനേജർക്ക് അപമാനകരവുമാണെന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു. ഇക്കാര്യത്തിൽ എ.ഇ.ഒ. തന്നെ തെളിവ് ഹാജരാക്കേണ്ടതുണ്ട്.

viii) 2016-17 വർഷം സ്കൂളിലനുവദിച്ച പുതിയ യു.പി.എസ്.എ. തസ്തികയിലേക്ക് HTV തസ്തികയിൽ നിന്നും എ.ഇ.ഒ തസ്തികനിർണയ ഉത്തരവു പ്രകാരം ഷിഫ്റ്റ് ചെയ്ത് ക്രമീകരിച്ച് ശ്രീമതി.മഞ്ജുള ഗോവിന്ദിനെയായിരുന്നു ശ്രീമതി.കെ. ഉഷാദേവിയെ പ്രമോട്ടുചെയ്തതോടെ ഉണ്ടായ റഗുലർ ഒഴിവിലേക്ക് ശ്രീമതി.കെ.രസ്നക്ക് പകരം മാറ്റി നിയമിക്കേണ്ടതെന്നത് ബാലുശ്ശേരി ഉപജില്ലാവിദ്യാഭ്യാസ ആഫീസർ എത്തിച്ചേർന്ന ഒരു തെറ്റായ നിഗമനം മാത്രമാണ്. അതിന് ഒരു നിയമത്തിന്റെയും പിൻബലമില്ല. ആയതിനാൽ ഈ നിഗമനം തികച്ചും തെറ്റും അനാവശ്യവുമായിരുന്നു.

ix) 2016-17 വർഷം എരമംഗലം എയിഡഡ് യു.പി.സ്കൂളിൽ അനുവദിച്ച പുതിയ യു.പി.എസ്.എ. തസ്തികയിൽ മാനേജർ ആരേയും പുതുതായി നിയമിച്ചിട്ടില്ല. മുൻവർഷം HTV തസ്തികയിൽ തുടർന്നു വന്നിരുന്ന ശ്രീമതി. മഞ്ജുള ഗോവിന്ദിനെ ഷിഫ്റ്റ് ചെയ്തുകൊണ്ട് എ.ഇ.ഒ. സ്വയം തസ്തികനിർണയ ഉത്തരവ് (D.Dis/C/4609/2017 dated 11/12/2017) പുറപ്പെടുവിക്കുക മാത്രമാണുണ്ടായത്. അത് നിയമമനുസരിച്ച് ക്രമപ്രകാരവുമാണ്. നിലവിൽ അംഗീകാരത്തോടെ തുടർന്നു വരുന്ന ഒരു അധ്യാപികയെ തസ്തിക നിർണയസമയത്ത് എ.ഇ.ഒ.റഗുലർ തസ്തികയിലേക്ക് ഷിഫ്റ്റ് ചെയ്തത് മാനേജർ നടത്തിയ ഒരു പുതിയ നിയമനമായി കാണുന്നതെങ്ങനെയാണ്

x) 28/02/2019ലെ GO(P)03/2019/G.Edn. [SRO No.166/2019] പ്രകാരമുള്ള കെ.ഇ.ആർ. ഭേദഗതി അനുസരിച്ച് റൂൾ 43, 51-എ, 51-ബി, അവകാശികളെപ്പോലും പുതിയ അഡിഷനൽ തസ്തികയിൽ നിയമിക്കാമെന്ന് നിയമം വ്യവസ്ഥ ചെയ്തിരിക്കുന്നു. ശ്രീമതി.മഞ്ജുള ഗോവിന്ദ് 2009 മുതൽ സ്കൂളിൽ തുടർച്ചയായി ജോലിചെയ്തു വരുന്ന അധ്യാപികയാണ്. പ്രസ്തുത അധ്യാപിക HTV ഒഴിവിൽ നിലനിർത്തപ്പെട്ട അവസ്ഥയിൽ മറ്റൊരു അധ്യാപകനെ 2016-17 വർഷം പുന:സ്ഥാപിക്കപ്പെട്ട യു.പി.എസ്.എ. തസ്തികയിൽ നിയമിക്കാൻ

ആർക്കും കഴിയുമായിരുന്നില്ല എന്നുള്ളതാണ് യഥാർത്ഥ വസ്തുത. ആയതിനാൽ പുതുതായി ലഭ്യമായ ഒഴിവിലേക്ക് ശ്രീമതി. മഞ്ജുള ഗോവിന്ദിനെ ഷിഫ്റ്റ് ചെയ്ത ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നടപടി ശരിയാണ്. നിലവിലുള്ള നിയമപ്രകാരം അവരെ വീണ്ടും ഷിഫ്റ്റ് ചെയ്യേണ്ടതില്ല.

xi) കേരള വിദ്യാഭ്യാസത്തിൽ 28/02/2019 ലെ GO(P)03/2019/G.Edn...SRO No 166/20191 പ്രകാരമുള്ള കെ.ഇ.ആർ. ഭേദഗതി അനുസരിച്ച് അഡീഷനൽ തസ്തികകളിൽ 2016-17 വർഷം മുതൽ നിയമിക്കപ്പെട്ട ന്യൂറുകണക്കിന് റൂൾ 43, 51 എ, 51-ബി, അവകാശികളുടെ നിയമനങ്ങൾ സംസ്ഥാനത്ത് അംഗീകരിക്കപ്പെട്ട് കഴിഞ്ഞു. ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസറും അഡീഷനൽ തസ്തികയിലെ ഇത്തരം അവകാശികളുടെ ധാരാളം നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. അതൊന്നും തന്നെ പകരം തത്തുല്യ എണ്ണം തസ്തികയിൽ സംരക്ഷിതാധ്യാപകരെ നിയമിച്ചുമല്ല. ഇത്തരം statutory അവകാശികളുടെ പുതിയ തസ്തികയിലെ നിയമനത്തിനോ HTV ഒഴിവിൽ നിലനിർത്തപ്പെട്ടവരെ അബ്സോർബ് ചെയ്യുന്നതിനോ പകരം ഒരു തസ്തിക സംരക്ഷിതാധ്യാപകനെ നിയമിക്കാനായി മാറ്റി വെക്കണമെന്ന് സർക്കാർ ഇതുവരെ നിഷ്കർഷിച്ചിട്ടില്ല. അത്തരം ഒരു ഉത്തരവും നിലവിലില്ല. അതിന് കാരണം അത് നിയമവ്യവസ്ഥക്ക് വിരുദ്ധമാവും എന്നതു തന്നെയാണ്. ആയതിനാൽ നിയമനാംഗീകാരം പിൻവലിക്കാനായി ഡയറക്ടറോട് അപേക്ഷിച്ച എ.ഇ.ഒയുടെ നടപടി തികച്ചും അനാവശ്യമായിരുന്നു എന്ന് കാണാം.

xii) ഈ യഥാർത്ഥ വസ്തുത അനുസരിച്ച് ശ്രീമതി.കെ.രസ്നയെ നിയമിച്ച പ്രമോഷൻ ഒഴിവിലേക്ക് ശ്രീമതി.മഞ്ജുള ഗോവിന്ദിനെ മാറ്റി നിയമിക്കണമെന്ന ശ്രീമതി.കെ.രസ്നക്ക് നൽകിയ നിയമനാംഗീകാരം റദ്ദ ചെയ്യാനമെന്നുമുള്ള ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നിഗമനം തികച്ചും അനാവശ്യവും ഒരു നിയമത്തിൻറെയൊ ഉത്തരവിൻറെയോ പിൻബല മില്ലാത്തതിനാൽ ക്രമവിരുദ്ധവും ഒരു കാരണവശാലും നിലനിൽക്കുന്നതുമല്ലെന്ന് മാനേജർ ബോധിപ്പിക്കുന്നു.

xiii) സ്കൂളിലെ HTV തസ്തിക 2016-17 വർഷം എ.ഇ.ഒ. മഞ്ജുളഗോവിന്ദിനെ പുതിയ തസ്തികയിലേക്ക് തസ്തിക നിർണയ ഉത്തരവു പകരം മാറ്റിയശേഷം തുടർച്ചയായി ഒഴിഞ്ഞു കിടക്കുകയാണ്. സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ട ഈ HTV തസ്തികയിൽ ഇതുവരെ ഒരു സംരക്ഷിത അധ്യാപകനെപ്പോലും ഡിപ്പാർട്ട്മെൻറ് നിയമിച്ചിട്ടില്ല. ഈ നടപടി സ്കൂളിലെ അക്കാദമിക സാഹചര്യങ്ങളെ ബാധിക്കുന്നതായി ഞാൻ എ.ഇ.ഒ-നോട് പലതവണ നേരിട്ട് ബോധിപ്പിച്ചിട്ടുള്ളതാണ്. എ.ഇ.ഒ. ഇക്കാര്യത്തിൽ നടപടിയുമെടുത്തതായി വിവരം ലഭിച്ചിട്ടില്ല.

xiv) നിർഭാഗ്യകരമെന്ന് പറയട്ടെ, കേരളസർക്കാർ 28/02/2019ലെ GO(P)03/2019/ GE |SRO No.166/2019 പ്രകാരമുള്ള കെ.ഇ.ആർ. ഭേദഗതികൾ

പുറപ്പെടുവിച്ച ശേഷമാണ് അതിന് വിരുദ്ധമായ സമീപനമുൾക്കൊള്ളുന്ന രീതിയിൽ അധ്യാപികയുടെ അർഹതപ്പെട്ട നിയമനാംഗീകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ പിൻവലിച്ചിട്ടുള്ളത്. ഇത് തികച്ചും തെറ്റും സാമന്യനീതിയുടെ അതിഗുരുതരമായ നിഷേധവുമാണെന്ന വസ്തുത ബോധിപ്പിക്കുന്നു.

മേൽ സൂചിപ്പിച്ച യഥാർത്ഥ വസ്തുതകളുടെ അടിസ്ഥാനത്തിൽ സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി.കെ.ഉഷാദേവിയെ പ്രധാനാധ്യാപികയായി പ്രമോട്ട് ചെയ്ത ഒഴിവിൽ ശ്രീമതി.കെ.രസ്നയെ 01/06/2017 മുതൽ ഒരു റഗുലർ യു.പി.എസ്.എ. ആയി നിയമിച്ചതിന് നൽകിയ തികച്ചും ക്രമപ്രകാരമായ നിയമനാംഗീകാരം പിൻവലിക്കാനുള്ള ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ശുപാർശ നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ ഡയക്ടറുടെ ഉത്തരവ് റദ്ദുചെയ്യണമെന്നും, അന്യായമായി തടഞ്ഞുവെച്ച അധ്യാപികയുടെ ശമ്പളവും മറ്റലവൻസുകളും ഉടനടി നൽകാനുത്തരവ് നൽകണമെന്നും മാനേജർ സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

**3. ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.**

എരമംഗലം എ.യു.പി. സക്കുളിൽ 01.06.2017 മുതൽ യു.പി. എസ്.എ. തസ്തികയിൽ മാനേജർ നിയമിച്ച ശ്രീമതി. കെ. രസ്നയുടെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ച നിയമനാംഗീകാര അപേക്ഷയോടൊപ്പം മാനേജർ സമർപ്പിച്ച സത്യവാങ്മൂലം, ചേഞ്ച് ഓഫ് സ്റ്റാഫ് സ്റ്റേറ്റ്മെന്റ് എന്നിവ തീർത്തും തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ളവയായിരുന്നു. പ്രസ്തുത സത്യവാങ്മൂലത്തിൽ എരമംഗലം എ.യു.പി. സ്കൂളിൽ KER അദ്ധ്യായം XIV A ചട്ടം 51 A പ്രകാരം നിയമിക്കപ്പെടാൻ യോഗ്യതയുള്ള എല്ലാ സീനിയർ ക്ലെയിമെൻറ്സിനെയും റഗുലർ വേക്കൻസിയിൽ നിയമിച്ച് കഴിഞ്ഞിട്ടുണ്ടെന്ന് മാനേജർ സത്യം ചെയ്തിരിക്കുന്നു. എന്നാൽ പ്രസ്തുത ദിവസം വിദ്യാലയത്തിൽ ശ്രീമതി. മഞ്ജുള ഗോവിന്ദ് എന്ന യു.പി.എസ്.എ റഗുലർ തസ്തികയിൽ നിയമിക്കപ്പെടാനുള്ള എല്ലാ അവകാശങ്ങളോടും കൂടി പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഈ കാര്യം മറച്ചു വെച്ചും ശ്രീമതി. മഞ്ജുള ഗോവിന്ദിൻറെ നിയമപരമായ അവകാശത്തെ അവഗണിച്ചും മാനേജർ ഇത്തരത്തിലൊരു സത്യവാങ്മൂലം ഫയൽ ചെയ്തു എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുക യുണ്ടായി. പ്രസ്തുത സത്യവാങ്മൂലവും, തെറ്റായ രീതിയിൽ തയ്യാറാക്കിയ ചേഞ്ച് ഓഫ് സ്റ്റാഫ് സ്റ്റേറ്റ്മെന്റും മുഖവിലക്കെടുത്ത് ശ്രീമതി. കെ. രസ്നയുടെ നിയമനം ഈ ഓഫീസിൽ നിന്നും 15.05.2018-ലെസി./360/18/കെ.ഡി.സ് ഉത്തരവ് പ്രകാരം തെറ്റായി അംഗീകരിച്ചു നൽകിയിരുന്നു. എന്നാൽ വിശദമായ പുന:പരിശോധനാ ഹർജിയൽ ഇത് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ബോധ്യപ്പെടുകയും പ്രസ്തുത നിയനാംഗീകാര ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ 17.06.2019-ലെ ജി.3/12086/19/ഡി.ജി.ഇ/കെ.ഡിസ് ഉത്തരവ് പ്രകാരം റദ്ദ്

ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി. കെ.രസ്നക്ക് ഈ ഓഫീസിൽ നിന്നും PEN അനുവദിക്കുകയോ ശമ്പളവും അലവൻസുകളും നൽകുകയോ ചെയ്തിരുന്നില്ല. അതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽ ഉത്തരവിനെതിരെ ശ്രീമതി രസാന WP(C) No.29862/18(ജി) നമ്പർ സിവിൽ റിട്ട് അന്യായം പ്രകാരം ബഹു: കേരള ഹൈക്കോടതിയെ സമീപിച്ചു. ബഹു: കേരള ഹൈക്കോടതി ശ്രീമതി. കെ. രസ്നയുടെ നിയമനം തീയതിയായ 01.06.2017 മുതൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയമനാംഗീകാരം റദ്ദ് ചെയ്ത് തീയതിയായ തീയതി വരെ (17.06.2019 രെ) വരെ ശമ്പളം നൽകാൻ ഉത്തരവായി. മേൽ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ ഓഫിസിൽ നിന്നും ശമ്പളവും അലവൻസുകളും അനുവദിച്ച് നൽകിയിരുന്നില്ല. ഇതിനെതിരെ ശ്രീമതി. കെ. രസ്ന ബഹു: ഹൈക്കോടതിയിൽ കോടതിയലക്ഷ്യം അന്യായം ഫയൽ ചെയ്തു. ഈ സാഹചര്യത്തിൽ ശമ്പളം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച നിർദ്ദേശം പരിഗണിച്ച 01.06.2017 മുതൽ 17.06.2019 വരെയുള്ള ശമ്പളം മാറി നൽകുന്നതിന് പ്രധാന അധ്യാപകന് നിർദ്ദേശം നൽകുകയും ചെയ്തു. പ്രധാന അധ്യാപകൻ ഈ ഓഫീസ് നിർദേശം അനുസരിച്ച് ശമ്പളം മാറി നൽകിയിട്ടുണ്ട് അതിനാൽ ബഹു ബഹു:ഹൈക്കോടതിയുടെ വിധിന്യായം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പ്രധാന അധ്യാപകൻ മേലധികാരികളിൽ നിന്നും മതിയായ ഉത്തരവുകളില്ലാതെ തൊട്ടടുത്ത ദിവസമായ 18.06.2019 മുതൽ 31.10.2019 വരെയുള്ള ശ്രീമതി. കെ. രസ്നയുടെ ശമ്പളം കൂടി മാറി നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ സർക്കാരിന് 1,38,497/- രൂപ ( ഒരു ലക്ഷത്തി മുപ്പത്തി എട്ടായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി എഴുാത്രം) അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കിയിട്ടുണ്ട്. ആയത് തിരികെ പിടിക്കുന്നതിനുള്ള നടപടികൾ ഈ ഓഫീസിൽ നിന്നും സ്വീകരിച്ച വരുന്നുണ്ട്.

എന്നാൽ ശ്രീമതി. കെ. രസ്ന നേരത്തെ ഫയൽ ചെയ്ത Wp(C).29862/18 (ജി) നമ്പർ സിവിൽ അന്യായത്തിന്മേലുള്ള വിധിയിൽ അപ്രൂവൽ റദ്ദ് ചെയ്യുന്ന വിഷയത്തിൽ തീരുമാനമെടുക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ അനുവദിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എല്ലാ കക്ഷികളുമായി കൂടിക്കാഴ്ച നടത്തിയ ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടർ 04.12.2019-ലെ ജി.(3)/29030/2019ഡി.ജി.ഇ/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം 01.06.2017 മുതലുള്ള ശ്രീമതി. കെ. രസ്നയുടെ നിയമനാംഗീകാരം റദ്ദ് ചെയ്ത് കൊണ്ട് അന്തിമമായി ഉത്തരവായി. റഗുലർ തസ്തികയിലേക്ക് നിയമിക്കപ്പെടാൻ അവകാശമുള്ള ചട്ടം 51 A അവകാശിയായിക്കൊണ്ട് ശ്രീമതി. പി.കെ മഞ്ജുള ഗോവിന്ദ സ്കൂളിൽ അവശേഷിക്കുന്നുണ്ടായിരുന്നുവെന്ന് ഇതിൽ നിന്നും സംശയാതീതമായി സ്ഥാപിക്കപ്പെട്ടിരി ക്കുകയാണ്.

ശ്രീമതി. പി.കെ. മഞ്ജുള ഗോവിന്ദനെ 01.06.2017 മുതലുള്ള ഈ റഗുലർ തസ്തികയിലേക്ക് മാറ്റി നിയമിക്കുമ്പോൾ സ്കൂളിൽ പിന്നീട് ലഭ്യമാവുന്ന ഒഴിവുകൾ 1 അധിക UPST, 1 HTV എന്നിവയാണ്. ഇവ രണ്ടും സർക്കാരിന് അവകാശപ്പെട്ട തസ്തികകളായതിനാൽ മാനേജർക്ക് നിയമനം നടത്താൻ സാധ്യമല്ല.

അതിനാൽ നിയമനത്തിനായി തസ്തിക ലഭ്യമല്ലാതിരുന്ന സ്കൂളിൽ മാനേജർ കൃത്രിമമായ സത്യവാങ്മൂലം, ചേഞ്ച് ഓഫ് സ്റ്റാഫ് സ്റ്റേറ്റ്മെന്റ് എന്നിവ സമർപ്പിച്ച്, മാനേജരും നിയമപരമല്ലാത്ത താല്പര്യം സംരക്ഷിക്കുന്നതിനായി മാത്രം ഈ ഓഫീസിനേയും സർക്കാരിനേയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചു എന്നത് വ്യക്തമായിരിക്കുകയാണ്. ശ്രീമതി. കെ. രസ്നയുടെ നിയമനാംഗീകാരം റദ്ദ് ചെയ്തു കൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.02.2019-ലെ ജി. (3) /29030/2019/ഡി.ജി.ഇ/കെ.ഡിസ് നമ്പർ ഉത്തരവിൽ ഈ ഇനത്തിൽ സർക്കാർ ഖജനാവിനുണ്ടായ അധികച്ചെലവ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഈ ഓഫീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ അധികച്ചെലവുണ്ടാകാൻ കാരണമായത് മാനേജറുടെ തെറ്റായ നടപടി കൊണ്ടാണ്. അതിനാൽ പ്രസ്തുത തുക പൂർണ്ണമായും എരമംഗലം എ.യു.പി. സ്കൂൾ മാനേജറുടെ ബാധ്യതയായി നിശ്ചയിക്കണമെന്നും അപേക്ഷിക്കുന്നു. ഈ ഇനത്തിൽ 7,53,855/- (ഏഴ് ലക്ഷത്തി അമ്പത്തി മൂവായിരത്തി എണ്ണൂറ്റ് അമ്പത്തിയഞ്ച് രൂപാ മാത്രം) അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് ആയത് തിരികെ പിടിക്കുന്നതിനുള്ള നടപടികൾ ഈ ഓഫീസിൽ നിന്നും ആരംഭിച്ച് മാനേ്ജർക്ക് നോട്ടീസ് നൽകിയപ്പോഴാണ് പ്രസ്തുത നോട്ടീസിനെതിരെ മാനേജർ മേൽപ്പറഞ്ഞ WP(C) No. 11915/2020 നമ്പർ സിവിൽ റിട്ട് ഹർജി ഫയൽ ചെയ്തത് എന്ന കാര്യം എ ഇ ഒ ബോധിപ്പിക്കുന്നു. കൂടാതെ ഈ വിഷയത്തിൽ മാനജേർ സർക്കാരിനുണ്ടാക്കിയ അധിക ബാധ്യതയായ 7,53,855/- (ഏഴ് ലക്ഷത്തി അമ്പത്തി മൂവായിരത്തി എണ്ണൂറ്റ് അമ്പത്തിയഞ്ച് രൂപാ മാത്രം) പ്രധാന അധ്യാപകൻ മതിയായ ഉത്തരവുകളില്ലാതെ സർക്കാരിനുണ്ടാക്കിയ അധിക ബാധ്യതയായ 1,38,497/- രൂപ (ഒരു ലക്ഷത്തി മുപ്പത്തി എട്ടായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി എഴ്മാത്രം) ചേർത്ത് ആകെ സർക്കാരിനുണ്ടായ 8,92,352/- (എട്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി മൂന്നൂറ്റി അമ്പത്തിരണ്ട് രൂപാ മാത്രം) ബന്ധപ്പെട്ടവരിൽ നിന്നും വസൂൽ ചെയ്യുന്നതിന് ഈ ഓഫീസിന് അനുമതി നൽകണണെന്ന് കൂടി എ ഇ ഒ സർക്കാരിനോട് അപേക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ എരമംഗലം എ.യു.പി.സ്കൂളിന്റെ മാനേജർക്കെതിരെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം III ചട്ടം 7 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് എ ഇ ഒ റിപ്പോർട്ട് ചെയ്യുന്നു. ആയതിന് അനുമതി നൽകണമെന്ന് കൂടി എ ഇ ഒ സർക്കാരിനോട് അപേക്ഷിക്കുന്നു.

**4.** മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

ശ്രീമതി.രസ്നയുടെ നിയമനവുമായി ബന്ധപ്പെട്ട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച തടസ്സവാദങ്ങൾ താഴെ കാണുംപ്രകാരമാണ്.

1. 2014-15 വർഷത്തിൽ തസ്തിക നഷ്ടപ്പെട്ട് ശ്രീമതി. മഞ്ജുള ഗോവിന്ദ് പുറത്ത് പോകേണ്ടി വന്ന സാഹചര്യത്തിൽ ടിയാളെ ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ HTV വേക്കൻസിയിൽ നിയമിച്ചു.

2. 2017-18 ൽ രസ്നയെ നിയമിക്കുമ്പോൾ, മാനേജർ 51 എ അവകാശികളൊന്നും തന്നെ ഇല്ലായെന്ന തെറ്റായ സത്യവാങ്മൂലം നൽകി. ശ്രീമതി. കെ.ഉഷാദേവിയെ പ്രൊമോട്ട് ചെയ്തപ്പോഴുണ്ടായ തസ്തികയിൽ മഞ്ജുളാ ഗോവിന്ദിനെയാണ് നിയമിക്കേണ്ടത്.

3. മാനേജറുടെ തെറ്റായ നടപടി ക്രമം മൂലം ശ്രീമതി. രസ്നയ്ക്ക് ശമ്പളം നൽകിയ ഇനത്തിൽ 7,53,855/- (എഴ് ലക്ഷത്തി അമ്പത്തിമൂവായിരത്തി എണ്ണൂറ്റി അമ്പത്തിയഞ്ച് രൂപാ മാത്രം) രൂപ സർക്കാരിന് നഷ്ടമായി. ടി തുക മാനേജരുടെ ബാധ്യതയായി നിശ്ചയിക്കേണ്ടതാണ്.

ലഭ്യമായ തസ്തിക നിർണ്ണയ റിപ്പോർട്ട് പരിശോധിച്ചതിൽ 2014-15 വർഷത്തിൽ തസ്തിക നഷ്ടപ്പെട്ട് ശ്രീമതി. മഞ്ജുളാ ഗോവിന്ദ് പുറത്തു പോകേണ്ടിവന്നുവെങ്കിലും അന്ന് നിലവിലുണ്ടായിരുന്ന HTV വേക്കൻസിയിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടിയാളെ നിലനിർത്തി ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നു. 2016-17 വർഷത്തിൽ നഷ്ടപ്പെട്ട യു.പി.എസ്.ടി തസ്തിക പുനസ്ഥാപിക്കപ്പെട്ടതായും ടി തസ്തികയിൽ HTV തസ്തികയിൽ നിലനിർത്തി പോന്ന ശ്രീമതി. പി.കെ. മഞ്ജുള ഗോവിന്ദ്, യു.പി.എസ്.എ.യെ മാറ്റി നിയമിച്ചതായും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ (D.Dis/C/4609/17 dated 11.12.2017) റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. കൂടാതെ 2017-18 വർഷത്തിൽ സ്കൂളിലെ UPST ആയ ശ്രീമതി. കെ. ഉഷാദേവി പ്രധാനാധ്യാപികയായി promote ചെയ്യപ്പെടുകയും അപ്രകാരം ഒരു തസ്തിക കൂടി സ്കൂളിൽ ലഭ്യമാകുകയും ചെയ്തു. 29.01.2016-ലെ സ.ഉ.(പി.)നം.29/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സംരക്ഷിതാധ്യാപകരെ HTV വേക്കൻസിയിൽ നിയമിക്കാവുന്നതാണ്.

ടി സാഹചര്യത്തിൽ 2016-17 വർഷത്തിൽ പുനഃസ്ഥാപിക്കപ്പെട്ട അധിക തസ്തിക 1:1 റേഷ്യോ പ്രകാരം സർക്കാരിന് നൽകിയതായി കണക്കാക്കാവുന്നതും തുടർന്ന് വന്ന പ്രൊമോഷൻ ഒഴിവിൽ ശ്രീമതി. രസ്നയെ നിയമിക്കാവുന്നതുമാണ്. ഇപ്രകാരം പരിശോധിക്കുമ്പോൾ മാനേജർ

സമർപ്പിച്ച സത്യവാങ്മൂലം തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന വാദത്തിൽ കഴമ്പുണ്ടെന്ന് തോന്നുന്നില്ല. ടി സാഹചര്യത്തിൽ, ശ്രീമതി. രസ്നയെ 01.06.2017 മുതൽ UPST ആയിരുന്ന ശ്രീമതി. കെ.കെ. ഉഷാദേവിയെ പ്രധാനാധ്യാപികയായി പ്രമോട്ട് ചെയ്ത ഒഴിവിൽ നിയമിച്ച മാനേജറുടെ നടപടി ക്രമപ്രകാരമാണെന്ന് കാണുന്നു. കൂടാതെ 51എ അവകാശികളെ എച്ച്. ടി. വി തസ്തികയിലോ അധിക തസ്തികയിലോ നിയമിക്കുമ്പോൾ പിന്നീട് റെഗുലർ ഒഴിവ് ഉണ്ടാകുന്ന പക്ഷം മാറ്റി നിയമിക്കണമെന്ന് ചട്ടങ്ങളിലോ ഉത്തരവുകളിലോ സർക്കുലറുകളിലോ പ്രതിപാദിച്ച് കാണുന്നില്ല.

മേൽ വിവരിച്ച സാഹചര്യത്തിലും 51 എ അവകാശികളെ എച്ച്. ടി. വി തസ്തികയിലോ അധിക തസ്തികയിലോ നിയമിക്കുമ്പോൾ പിന്നീട് റെഗുലർ ഒഴിവ് ഉണ്ടാകുന്ന പക്ഷം മാറ്റി നിയമിക്കണമെന്ന് ചട്ടങ്ങളിലോ ഉത്തരവുകളിലോ സർക്കുലറുകളിലോ പ്രതിപാദിച്ച് കാണുന്നില്ല എന്നതിനാലും, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഉപജില്ലയിൽപ്പെട്ട എരമംഗലം എ.യു.പി.സ്കൂളിലെ യു.പി.എസ്.ടി ആയ ശ്രീമതി.കെ.ഉഷാദേവിയെ പ്രധാനാധ്യാപികയായി പ്രമോട്ട് ചെയ്ത ഒഴിവിൽ 01.06.2017 മുതൽ ശ്രീമതി.കെ.രസ്നയെ യു.പി.എസ്.ടി ആയി നിയമിച്ച സ്കൂൾ മാനേജരുടെ നടപടി ക്രമപ്രകാരമാണ്. ആയതിനാൽ ശ്രീമതി.കെ.രസ്നയുടെ നിയമനാംഗീകാരം റദ്ദ് ചെയ്ത പൊതുവിദ്യാഭ്യാസ ഡയക്ടറുടെ ഉത്തരവ് (Ext.P13) റദ്ദ് ചെയ്ത് കെ.ഇ.ആർ. അധ്യായം XIV എ റൂൾ 92 പ്രകാരം എരമംഗലം എ.യു.പി മാനേജർ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**5.** ഇപ്രകാരം ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത 11915/2020 നമ്പർ റിട്ട് ഹർജിയിന്മേൽ പുറപ്പെടുവിച്ച 09.07.2021-ലെ വിധിന്യായം നടപ്പിൽ വരുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബാലുശ്ശേരി, കോഴിക്കോട് - 673612

മാനേജർ, എ.യു.പി സ്കൂൾ എരമംഗലം, ബാലുശ്ശേരി, കോഴിക്കോട് - 673612

ശ്രീമതി രസ്ന.കെ, യു.പി.എസ്.എ, എ.യു.പി സ്കൂൾ, എരമംഗലം, ബാലുശ്ശേരി, കോഴിക്കോട് - 673612

I & PRD (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ